സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പരിപാടി, വൈദ്യ സഹായഘടകങ്ങളുടെ പ്രവർത്തനം, മാനന്തവാടി, ഇടുക്കി, അട്ടപ്പാടി ആരോഗ്യ പദ്ധതികൾ, ആരോഗ്യ ഇൻഷുറൻസ് പദ്ധതി, വിവിധ രോഗങ്ങൾ ബാധിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ചികിൽസയും പുനരധിവാസവും, ഭവനനിർമ്മാണം എന്നിവയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഓരോ പരിപാടികൾക്കും ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

ബാലുശ്ശേരി ബ്ളോക്കിലെ പട്ടികവിഭാഗം വിദ്യാർത്ഥികൾക്കുള്ള ധനസഹായം

132 [3719] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി വികസന ബ്ളോക്കിൽ ഉന്നത വിദ്യാഭ്യാസത്തിന് ഗവൺമെന്റ് എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്വകാര്യ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിന് ഗവൺമെന്റിൽനിന്നും അവർക്കു ലഭിക്കാനുള്ള ധനസഹായത്തിന് അപേക്ഷിച്ചിട്ടുണ്ട്;

(ബി) ഈ അപേക്ഷകളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വെളിപ്പെടുത്താമോ;

(സി) ഈ ധനസഹായം ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 165 പട്ടികജാതി വിദ്യാർത്ഥികളും 10 പട്ടികവർഗ്ഗ വിദ്യാർത്ഥികളും ധനസഹായത്തിനായി അപേക്ഷിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിശോധിച്ച് 6,67,646 രൂപ ബാലുശ്ശേരി ബ്ളോക്ക് പട്ടികജാതി വികസന ഓഫീസർക്ക് ഡി. ഡി. ആയി നൽകുകയും ടി തുക വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

9 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾക്കായി 36,602 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

†അനുബന്ധം VII കാണുക

LIBRARY ARCHIVES Kerala Legislative Assembly